# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 528   06.07.2012 ൽ മറുപടിയ്ക്ക്**

**കാവേരി നദിയിൽ നിന്നുള്ള ജലവിഹിതം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പു മന്ത്രി) |
| **(എ)** കാവേരി നദീജലതർക്കവുമായി ബന്ധപ്പെട്ട ട്രൈബ്യൂണലിന്റെ അന്തിമ വിധി പ്രകാരം കേരളത്തിന് എത്ര റ്റി. എം.സി. ജലം അനുവദിക്കപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | **(എ)** കാവേരി നദീജല തർക്ക ട്രൈബ്യൂണലിന്റെ അന്തിമ വിധി പ്രകാരം 30 റ്റി.എം.സി. ജലം കേരളത്തിനായി അനുവദിക്കപ്പെട്ടിട്ടുണ്ട്. |
| **(ബി)** ട്രൈബ്യൂണലിന്റെ വിധിപ്രകാരം അനുവദിക്കപ്പെട്ട ജലം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനായി ജലസേചന വകുപ്പിന്റെ ഭാഗത്തുനിന്നും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | **(ബി)** ട്രൈബ്യൂണലിന്റെ വിധി പ്രകാരം അനുവദിക്കപ്പെട്ട ജലം ഉപയോഗിക്കുന്നതിനായി കബനി ബേസിനിലുള്ള 11 പദ്ധതികളിൽ കാരാപ്പുഴ പദ്ധതി, ബാണാസുരസാഗർ പദ്ധതി എന്നിവയുടെ പ്രവർത്തികൾ പുരോഗമിച്ചുവരുകയും ബാക്കി ഒമ്പത് പദ്ധതികളുടെ പര്യവേക്ഷണ ചുമതല KSREC (Kerala State Remote Sensing and Envinronment Centre, Thiruvananthapuram) നെ ഏൽപ്പിക്കുകയും പര്യവേക്ഷണം നടത്തുകയും ചെയ്യുന്നുണ്ട്. ഭവാനി ബേസിനിലുള്ള അട്ടപ്പാടി പദ്ധതി ആദ്യം വിഭാവനം ചെയ്ത രീതിയിൽ ഏറ്റെടുത്ത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പാമ്പാർ പദ്ധതിയിൽ ജലം എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ